## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.481 — 29.01.2019-ൽ മറുപടിയ്ക്ക്

### ലോട്ടറി ടിക്കറ്റ് ഏജന്റുമാർ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റ് ഏജൻസിക്കായി എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ഇതുവരെയായി ഏജൻസി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം നിശ്ചിത തുക ഏജൻസി രജിസ്ട്രേഷൻ ഫീസായി ഒടുക്കുന്ന വ്യക്തികൾക്കെല്ലാം ഏജൻസി നൽകിവരുന്നുണ്ട്. നിലവിൽ 48937 പേർക്ക് ഭാഗ്യക്കുറി ഏജൻസി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ലോട്ടറി ടിക്കറ്റ് വരുമാനത്തിൽ നിന്നും എത്ര ശതമാനം രൂപ കമ്മീഷനും ക്ഷേമത്തിനുമായി ലോട്ടറി ഏജന്റുമാർക്ക് നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിൽ നിന്നും ഏകദേശം 26% തുക ഏജന്റുമാരുടെ കമ്മീഷൻ ഇനത്തിൽ അനുവദിക്കുന്നുണ്ട്. ഇതിനുപുറമേ ഏകദേശം 5% തുക ഏജൻസി പ്രൈസ് ഇനത്തിലും നൽകുന്നുണ്ട്. സർക്കാർ, ഓരോ വർഷവും ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആകെ വിറ്റുവരവിന്റെ 1% തുക കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകുന്നുണ്ട്. ടി തുക ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ